# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

*നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1703* 14.12.2012 *ലെ മറുപടിക്ക്*

## അസസ്മെന്റ് രജിസ്റ്ററുകൾ കമ്പ്യൂട്ടറൈസ് ചെയ്യുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. മോൻസ് ജോസഫ് : | ഡോ. എം. കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും<br>വകുപ്പ് മന്ത്രി ) |
| (എ) പഞ്ചായത്ത് ജീവനക്കാരുടെ സ്റ്റാഫ് പാറ്റേൺ പുതുക്കുന്നതിന് നടപടി സ്വീകരിക്കുമോ ; ഇതിന്റെ വിശദാംശം ലഭ്യമാക്കാമോ ; | (എ) സ്വീകരിക്കും. ഗ്രാമ പഞ്ചായത്തുകളിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിനായി സർക്കാർ നിയോഗിച്ച രണ്ടംഗ സമിതി സമർപ്പിച്ച റിപ്പോർട്ട് വിശദമായി പരിശോധിച്ച് ശുപാർശകൾ സമർപ്പിക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ എക്സ്പെൻഡിച്ചർ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി, പഞ്ചായത്ത് ഡയറക്ടർ, സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ എന്നിവർ ഉൾപ്പെട്ട സമിതിയുടെ ശുപാർശകൾ ഇപ്പോൾ ധനകാര്യ വകുപ്പിന്റെ പരിശോധനയിലാണ്. |

| | | | |
|---|---|---|---|
| (ബി) | പഞ്ചായത്തുകളുടെ അസസ്മെന്റ് രജിസ്റ്ററുകൾ കമ്പ്യൂട്ടറൈസ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ; ഇതിന്റെ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; ഇവ എന്ന് പൂർത്തീകരിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ ? | (ബി) | സ്വീകരിക്കും. സർക്കാർ നിർദ്ദേശമനുസരിച്ച് ഇൻഫർമേഷൻ കേരള മിഷൻ സമർപ്പിച്ച പ്രൊപ്പോസലിൽ പഞ്ചായത്തുകളുടെ അസസ്മെന്റ് രജിസ്റ്റർ കംപ്യൂട്ടർവൽക്കരിക്കുന്നതിനുള്ള പ്രവൃത്തിയും ഉൾപ്പെട്ടിരുന്നു. വസ്തു നികുതി നിരക്ക് നിശ്ചയിച്ചതിലെ അപാകതകൾ പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയിൽ ആണ്. ഭേദഗതി ചട്ടങ്ങൾ പുറപ്പെടുവിക്കുമ്പോൾ വസ്തു നികുതി പരിഷ്കരണത്തിനായി വിവരങ്ങൾ ശേഖരിക്കുന്നതിന് ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള ഫോറങ്ങളിലും സോഫ്റ്റ്വെയറിലും മാറ്റം വരുത്തേണ്ടിവരും. |

സെക്ഷൻ ഓഫീസർ